Since our specific interest is education, we visited two Public High Schools,Taylor,-Allderdice and Fox Chapel ("in the USA, Public Schools mean that they are government operated schools. We also visited The Ellis School for Girls, Shadyside School and the Jewish Community Center, which were all primary grade schools that are privately owned and operated. Finally there were two universities that we were able to visit, Pittsburgh University and Carnegie-Mellon University. Our thanks to Dara Chengappa for getting prior approval from the schools. Our visits revealed more to us than what we had ever read about the education system in America. We also visited Dr.Miller Elementary Public School at Richardson, Dallas, Texas. It was an excellent public school (government school) which is usually funded by the neighbourhood. The residents, the factories and the local companies are the taxpayers that support the infrastructure of a particular school. It is not an exaggeration, if I say, that not even the most expensive private residential schools in India can match the extra ordinary facilities provided by the public schools that we had visited in the USA. The playgrounds, gymnasium, library, auditorium, swimming pool, classrooms, furniture, labs, and computer are excellent, and the strength in each class is mainly due to the fact that class sizes are rarely more than 20 students per class. The spic and span cafeteria, the clean atmosphere, the number of escalators was entirely a dream world for both of us who have worked in a number of schools in India right from S.S.K.Z.M. to D.A.V. in Himachal Pradesh. Apart from academic courses, American schools also offer, printing, carpentry, photography, housekeeping, banking, tailoring, enviornmental awareness, music and dance, and theater to name a few. The well-built students are a total contrast to our small built school students in India. The up keep of the institutions is also funded by the state and federal government. No school uniforms are prescribed in public schools, but the private schools do have prescribed uniform colours and patterns for each activity and season.

We were fortunate enough to get permission to attend classes for a short while according to our choice of subjects. The class room atmosphere seemed to be good, with free discussions and pleasant smiling faces. Science classes are held only in labs, where the emphasis is more on practical knowledge than theoretical.

The discipline problems among the students are mainly due to the parental indulgence and negligence too. The gun culture seems to be a bane on this generation of students. The Colorado, Littleton school tragedy should be an eye-opener to the American parents here. India's younger generation seems to be copying American culture in their dress, accent and junk food; hopefully our kids in India will not also copycat their "gun culture"!

University education is generally a very expensive factor in the United States, and consequently the students who tend to be very motivated, work very earnestly and diligently. The standard of university education in the U.S.A. is comparatively very high compared to that in India, whereas school education is a happy-go-lucky sort of affair in the U.S.A. Primary and middle school education is very casual and students are not burdened with bookish knowledge and homework. The B.A. graduate from India has to do many other courses here to bring his/her B.A. degree to the level of the U.S. University. Students from India usually do very well here and their academic performances here are often head and shoulders above that of their counter parts in the U.S.Hats off to our strong schooling back home.

It was indeed an exhilarating and warm feeling when we started receiving a number of phone calls from our old students who have made remarkable achievements in various fields such as doctors, engineers, computer wizards, lawyers and other managerial posts. Dr.Mini Vasudevan (whom my wife taught in kindergarten) is an Electrical Engineer in Dallas, where she works for Nortel Networks, a wireless engineering company. She was the first one to extend an invitation along with her husband Dr.Madhu (a Mechanical Engineer) to spend an entire week with them in Dallas. Our stay with them was indeed a home away from home. All of our old students sounded insistent, affectionate, sweet and irresistible when they spoke to us by phone. Well, for a brief period of time in our life we forgot, we were a childless couple!! Dallas, in Texas, they say, has everything big and grand. The Kennedy Memorial, the Galeria Shopping Mall, the Reunion Tower, the Imax Screen, parks and wax museum, Arlington University (from where Mini

and Madhu received their Ph.D.s) were impressively large. The most enchanting drive was to the Scarborough faire in Waxahaechie, where partcipants came form different places to re-enact the 16th century culture of theRenaissance period in Europe. The best part of our visit to Dallas was but who else, Mini, who could recognize her teachers at the DFW International airport after the gap of 22 years!!

Dr.Uma Kavitha, another of our affectionate students from the pages of our time teaching at the K.R.C.R School for girls in Kittur, Belgaum invited us to visit as well. Uma is happily married to Venkat Hegde a Software Engineer working in New York, and they reside in New Jersey with their 15 month old son Rohit. The four memorable days we spent with them sight seeing in New York and visiting Atlantic City were punctuated with nostalgic memories of 7 long years of residential school life at the girls residential school.

New York holds great splendour with its sky scrapers and Manhattan Island. We were impressed by our visit to the World Trade Center, where we felt like we were on top of the world by climbing up to the 107th floor. We also visited Ellis Island and the imposing Statue of Liberty. Atlantic City was a page from a fairyland of gambling, where the rich while away their time and money in casinos built by Donad Trump who had named it the Trump Taj Mahal. It presents a very glittering and totally artificial life style of a section of Americans and tourists.

The phone conversations with Babu Girish (Roll No.158), a Computer Engineer from Boston, Chidambaram (Roll No.860), a patent lawyer from Washington, DC, Madhavan Nair(Roll No.10), Commodore based in Bombay, visiting the U.S. to attend his son's graduation ceremony in Boston were thrilling experiences for us. The nostalgic memories as their English teacher in Pangode and Kazhakoottam are woven in golden threads of our rich tapestry which carries innumerable such associations with our Sainik School boys of yore. Babu Girish's genuine invitation to Boston and Niagara Falls could not be met unfortunately due to the prearranged program of our trips to California and Washington. (Thanks to his generous act of buying our air ticket for us from Baltimore to Providence airport). Perhaps we could accept his invitation in our next visit to the U.S.!!

From Dallas to Charlotte and then onto California. Our next stop was Los Angeles for 4 days. This visit revealed the great splendours of Western America with is many sided fun and frolic such as Hollywood and Disneyland. Just two hours from Los Angeles is San Diego, a place to be seen for its "Sea World" which houses animals like the sea lion, dolphins, otters and the huge whale Shamu, and marvellous training done by human beings. Well, Universal Studios impressed us for its huge and amazing work of illusions created by man. Then we visited the first Disneyland created by Walt Disney in Los Angeles. "Small World" is one of the rides in Disneyland, but the park itself is not small, but a fairyland of magic. The song "It's a Small World" consists of a boat ride on an underground waterway that has fairy dolls dancing and singing the song throughout the journey.

Washington, D.C., where we stayed for 5 days is famous for its 132 embassies, the Smithsonian Museums, the National Geographic Museum, the Potomac River, the White House and the Capitol, where Senators and the House of Representatives help the President of America decide the future of their country and indirectly influence the world as a whole. The National Museum of Natural History is superb. Thanks to S.Chidambaram (860/79) who was in my Ashoka House in Sainik School, 1977, who traced us out by placing many telephone calls to other friends in USA and located us in our



hotel room with my nephew!! He took us to his house in Washington D.C.to treat us to a delightful South Indian lunch, after which he took us round the museum. Mr.Chidambaram, now a patent lawyer after his I.I.T. in India, has also received two Masters degrees, one in Chemistry and the other in Software computing in U.S.A., he trained to be a successful international patent lawyer. He connected me by telephone to Saji. Thomas., who was his classmate and in New York doing a successful job as a software Engineer. When I asked Saji "Who taught you English in V and VI in SSKZM?" instantly the answer came "Muthanna Sir", I told him the same Muthanna is speaking to him from Chidambaram's house in Washington. It was a real surprise to him!! He asked me "do you remember that you were addressing me as "American" in that class (since he talked with an American accent)?" Yes, indeed he has become American now, well done boys! I heard from Chidambaram who knows minute details of SSKZM and is very proud of being an ex-SSKZM regarding other school alumni: Babu Girish in Boston, Dr.Mini in Dallas, Raghu in Detroit, David in Detroit, Raju Daniel in California and P. Alex in Pennysylvania, all in the U.S.A. All of them have done SSKZM proud by obtaining very high positions in the U.S.A.

In the evening on the 16th of May 1999, we visited the National Air and Space Museum (one of the Smithsonian Museums) in Washington, D.C..Thanks to Dr.Roy Chengappa, who was invited as a Guest Speaker for the American Psychiatric Association Convention in a large forum of twenty thousand doctors. On his behalf we too were invited being his Uncle and Aunt. It was a wonderful experience in that museum with a planetarium, and an Imax film of space instruments and airplanes. Some events were explained through simulation, and some were explained through video coverage, overall it was amazingly impressive Science technology of America reached a very high grade beyond our imagination.

The excellent standard of cleanliness in public places like restrooms (toilets), airports, cinema theaters, museums, schools, roads and flyovers, parks and restaurants should be seen to be believed. The discipline (self imposed and imposed by severe punishment for breaking the law) is amazing. A college student can sue his lecturer if he finds him not taking classes as per the schedule because the student's valuable time is wasted. Obtaining a teacher's job is not an easy matter; one should be genuinely committed to the honourable profession. Even a senior teacher can be fired if found negligent. The system works superbly for the most part. A friendly smile and a greeting of "Hi" even to a stranger on the way is a never-to-be-forgotten good manners of American culture that impressed us the most.

Was there a feeling of sadness while leaving this great country for the homeland? Well, Yes. And why? Although our Indian politicians make it a point to visit the U.S.A. or Europe at every opportunity, and at the cost of us, the poor citizen tax payers, how come they never bothered to work for their nation's progress to bring our motherland such magnificent ideas and standards? Well, a nation gets what it deserves!! Well, a sad farewell to Dr.Roy Chengappa and his family who were very supportive in making our trip to the USA a successful one. Our old students especially, Uma and her husband Venkat and Mini and her husband Madhu, were very hospitable, and so were our cousins Raghu and Jaya. Ever smiling Americans were always a source of joy during our tour of the U.S.A.

Well, well, that's bird's a eye view of the U.S.A. from a couple of teachers angles.

**K.K.MUTHANNA**
Principal - Ex Master SSKZM (1963-1977)
Mrs.K.Gowri Muthanna, Vice Principal
JSS Public School, Siddarthanagar
Mysore - 11, India.

# Awards & Honours



3385 Praveen
*Awarded Chief Minister's Gold Medal for the Best Cadet & Bronze Medal in the RD Parade, NewDelhi*



3448 Anish Mathew Kuriakose
*Awarded Chief Minister's Silver Medal for the Second Best Cadet*



3151 Sunneth Kumar J
*NTSE Scholarship holder & CBSE Merit Certificate*



3128 Shone Bosco
*NTSE Scholarship holder & CBSE Merit Certificate*



3464 Joseph Chacko
*CBSE Merit Certificate*



3113 Naveen N
*CBSE Merit Certificate*



3209 Neeraj Kumar J
*CBSE Merit Certificate*





# മലയാള വിഭാഗം

# താളുകൾ മറിക്കുമ്പോൾ


75 **ഉണരൂ! വരവേൽപിനായ്**
ശ്രീനിവാസ് എൻ.കെ.

76 **ക്ലോണിംഗ് : ജനിതക വിപ്ലവത്തിന്റെ പടയൊരുക്കം**
ഹരികൃഷ്ണൻ സി.ആർ.

78 **സാന്ത്വനം**
നന്ദകുമാർ ആനന്ദ്

81 **സാരിയുടെ ബോർഡർ**
വിനോദ് ജയകുമാർ

82 **സ്വാതന്ത്ര്യസ്മൃതി**
പ്രദീപ് എം.സി.

83 **പ്രതീക്ഷ**
ഹരികൃഷ്ണൻ ആർ.

84 **നിമിത്തം**
ജെ. സുനിൽകുമാർ & പ്രിൻസ് മാത്യു

87 **ഓർമകളിൽ അവൾ**
പി.എസ്. കീർത്തി പ്രഭാകർ ഉണ്ണിത്താൻ

88 **നന്മ നേർന്നുകൊണ്ട്**
കിരൺ സി. & രാജ് വി.വി.

89 **ഓർമയുണ്ടോ ഈ മുഖം**
പ്രസാദ് എം.

91 **ഞാനും നാമും**
ആർ. രാമകൃഷ്ണ അയ്യർ

92 **രക്ഷപ്പെടൽ**
അരുൺ കിഷോർ കെ.കെ.

94 **ഭ്രമണപഥം**
ജോഷി കെ. അബ്രഹാം

96 **മരുഭൂമിയിൽ ഞാൻ ഏകനാണ്**
ആർ.എസ്. പണിക്കർ

98 **വിടപറയും നേരം**
അനൂപ് പർമൻ




# ഉണരൂ! വരവേൽപിനായ്


ശ്രീനിവാസ്.എൻ.കെ.
3410, IX എ
നെഹ്റു ഹൗസ്


അണയുകയായ് വസന്തം
നന്മതൻ സൂചകമായ്!
ദൈവം തൻ നാട്ടിൽ
കളിയാടുവാനായ്;
ഉണരൂ, പ്രിയ തോഴരേ,
മലയാളി മക്കളേ
ഉന്മാദ ചിത്തരായ്
ഋതുതൻ വരവേൽപിനായ്.
വിരിയുകയായ് കുസുമങ്ങൾ
സന്തോഷമുഖരിതമായ്!
പരിമളമാം മലർവാടികളിൽ
പുഞ്ചിരി തൂകുവാനായ്!
ഉണരൂ, ശലഭങ്ങളേ,
വർണ്ണപ്പകിട്ടാർന്നവരേ!
ആഹ്ലാദപൂർവരായ്
ഋതുതൻ വരവേൽപിനായ്
തുടിക്കുകയായ് കായ്കനികൾ
തുളുമ്പുന്ന മനസ്സുമായ്!
കാനനശാഖികളിൽ
മധുവിധു പരത്തുവാനായ്;
ഉണരൂ, പൊൻ പറവകളേ,
അംബരചുംബികളേ!
ഉന്മേഷമത്തരായ്
ഋതുതൻ വരവേൽപിനായ്.
അണയുകയായ് വസന്തം
നന്മതൻ സൂചകമായ്!!



# ക്ലോണിംഗ്
## ജനിതക വിപ്ലവത്തിന്റെ പടയൊരുക്കം

ഹരികൃഷ്ണൻ.സി.ആർ.
റോൾ നമ്പർ : 3362, ക്ലാസ്സ് : IX ബി, പ്രസാദ് ഹൗസ്

ജനിതകം മനുഷ്യന്റെ ശിരോരേഖകളെപ്പോലും മാറ്റിമറിക്കുന്ന സ്ഫോടനാത്മകമായ ഒരു നിലയിലെത്തിയിരിക്കുന്നു. ജനിതക ഗവേഷണങ്ങളിൽ അടുത്ത കാലത്ത് ബ്രിട്ടനിലും അമേരിക്കയിലുമുണ്ടായ പല വിജയങ്ങളും ദൂരവ്യാപകമായ സദാചാരപരവും സാമൂഹികവുമായ പ്രശ്നങ്ങളുയർത്തുന്നതായി ആരോപണങ്ങളും ഉയർന്നിട്ടുണ്ട്.

ശാസ്ത്ര വികാസത്തിന്റേതായ ഈ നൂറ്റാണ്ടിലുണ്ടായ പല കണ്ടുപിടിത്തങ്ങളും ലോകത്തെമ്പാടുമുള്ള ജനിതക വിദഗ്ദ്ധരെ രണ്ട് വിരുദ്ധ പാളയങ്ങളിലെത്തിച്ചിരിക്കുകയാണ്. ചിലർ ഈ വിജയങ്ങളെ ജനിതക വൈദ്യശാസ്ത്രരംഗത്തെ മഹത്തായ കുതിച്ചു ചാട്ടങ്ങളായി വ്യാഖ്യാനിക്കുമ്പോൾ മറ്റുള്ളവർ സദാചാര നീതിശാസ്ത്രങ്ങളുടെ ലംഘനമായിട്ടാണ് കാണുന്നത്.

വംശം നിലനിർത്താൻ ആണും പെണ്ണും കൂടിച്ചേർന്നാലേ കഴിയൂ എന്ന ജൈവതത്വത്തെ കടപുഴക്കിയെറിഞ്ഞ ക്ലോണിങ്ങും ജീവന്റെ അടിസ്ഥാനരൂപമായ ജീനുകളിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തുന്നത് വഴി പല മഹാരോഗങ്ങളെയും നിയന്ത്രിക്കാനും രോഗ സാദ്ധ്യതകളെ മുൻകൂട്ടി കാണാനും കഴിയുമെന്ന അറിവുകളുമാണ് ജനിതക ശാസ്ത്രരംഗത്തെ ഈ പുത്തൻ വിപ്ലവത്തിന് അരങ്ങൊരുക്കിയിരിക്കുന്നത്. ജനിതക വൈവിധ്യമില്ലാത്ത ഒരു ജീവിയുടെ അല്ലെങ്കിൽ ദാതാവിന്റെ അനേകം തത്സ്വരൂപങ്ങളെ - അവയുടെ കോശങ്ങളെ പ്രത്യേക രീതിയിൽ വളർത്തി വലുതാക്കി - സൃഷ്ടിക്കുകയെന്ന വിദ്യയാണ് ക്ലോണിംഗ്.

അടുത്ത കാലം വരെ സസ്യങ്ങളിലും സസ്തനികൾ അല്ലാത്തതുമായ ജീവികളിലും മാത്രം നടത്തിയിരുന്ന ഈ 'കാർബൺ കോപ്പി' പ്രക്രിയ സസ്തനികളായ വലിയ ജീവികളിലും നടപ്പാക്കാമെന്ന് തെളിയിക്കപ്പെട്ടതോടെയാണ് 'ക്ലോണിംഗി'ന്റെ സ്വീകാര്യതയെപ്പറ്റി വിവാദങ്ങൾ ആരംഭിച്ചത്. എഡിൻബറോയിലെ റോസ്‌ലിൻ ഇൻസ്റ്റിറ്റ്യൂട്ടിലെ ശാസ്ത്രജ്ഞന്മാരാണ് സാധാരണ പ്രജനന പ്രക്രിയയിലൂടെയല്ലാതെ ഒരു സസ്തനിയുടെ 'പകർപ്പി'നെ ആദ്യമായി വികസിപ്പിച്ചെടുത്തത്. 'ഡോളി' എന്ന ചെമ്മരിയാടാണ് ഇങ്ങനെ കൃത്രിമമായി സൃഷ്ടിക്കപ്പെട്ട ആദ്യത്തെ മുതിർന്ന സസ്തനി. ഈയിടെ ഡോളി ഒരു കുഞ്ഞിന് ജന്മം നല്കുകയും ചെയ്തിരിക്കുന്നു.



ഒരു ജീവിയുടെ കോശം അതേ വർഗ്ഗത്തിലെ മറ്റൊരു ജീവിയുടെ ഡി.എൻ.എ നീക്കം ചെയ്യപ്പെട്ട അണ്ഡവുമായി യോജിപ്പിച്ച് ഭ്രൂണം സൃഷ്ടിക്കുന്നു. ഇതിനെ മൂന്നാമതൊരു ജീവിയുടെ ഗർഭപാത്രത്തിൽ നിക്ഷേപിക്കുന്നു. പൂർണ്ണ വളർച്ചയെത്തിയ ഭ്രൂണത്തെ മൂന്നാമത്തെ ജീവി പ്രസവിക്കുന്നു. ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന ജീവി, കോശം നല്കിയ ജീവിയുടെ തനിപ്പകർപ്പായിരിക്കുമെന്നതാണ് ക്ലോണിങ്ങിന്റെ വിജയരഹസ്യം.

ഇതേ വിദ്യ ഉപയോഗിച്ച് മനുഷ്യന്റെ പകർപ്പിനെ പരീക്ഷണശാലയിൽ ഉണ്ടാക്കാൻ കഴിയുമോയെന്നതിന്റെ ഫലം ശാസ്ത്രലോകം ആകാംക്ഷയോടെയും ആശങ്കയോടെയും വീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഈ വിദ്യ മനുഷ്യനിലും വിജയകരമായി പരീക്ഷിക്കാമെന്ന് അമേരിക്കയിലെ ജോർജ്ജ് വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയിലെ ഡോ: ജെറിനാൾ 1993 - ൽതന്നെ സമർത്ഥിച്ചിരുന്നു.

ഇതേ സമയത്ത് തന്നെ ജീവന്റെ തന്മാത്രാരഹസ്യങ്ങളെ വിസങ്കേതനം ചെയ്ത് നേടിയ പുതിയ അറിവുകൾ ഉപയോഗിച്ച് രോഗങ്ങളെ കീഴ്പ്പെടുത്തുക എന്ന ഉദ്യമത്തിൽ മുഴുകിയിരുന്ന യു.എസ്.നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്തിലെ മോളിക്യുലാർ ബയോളജി ലബോറട്ടറിയിലെ ഡോ: ഫ്രാൻസിസ് കൊളിൻസും സതേൺ കാലിഫോർണിയ യൂണിവേഴ്സിറ്റിയിലെ ഡോ.ഫ്രഞ്ച് ആൻഡേഴ്സണും നേടിയ വിജയങ്ങൾ ഈ വൈജ്ഞാനിക വിപ്ലവത്തിന് ആക്കം കൂട്ടിയിട്ടുണ്ട്.

ജീവന്റെ സൂക്ഷ്മരൂപമായ ഡി.എൻ.എ ഈ ശാസ്ത്രജ്ഞന്മാരുടെ കയ്യിൽ ഒരേസമയം ബ്ലൂ പ്രിന്റും അസാധാരണ ശേഷിയുള്ള ഔഷധവസ്തുവായും മാറിയിരിക്കുന്നു. രോഗബാധിതമായ കോശങ്ങളിലെ നഷ്ടപ്പെട്ട ജീനുകളെ കണ്ടെത്തി അവയ്ക്ക് പകരം ആരോഗ്യം ഉള്ളതും ഒരേ വർഗ്ഗത്തിലുമുള്ളതുമായ ജീനുകളെ തൽസ്ഥാനത്ത് പ്രതിഷ്ഠിച്ച് പല സങ്കീർണ്ണ രോഗങ്ങളേയും നിയന്ത്രിക്കാൻ ആകുമെന്ന് ഡോ. കൊളിൻസും ഡോ. ആൻഡേഴ്സണും അവകാശപ്പെടുന്നു.

സമീപഭാവിയിൽ ജനിതക സ്ക്രീനിംഗും മറ്റും രംഗത്തെത്തുന്നതോടെ ഡി.എൻ.എയിലെ എല്ലാത്തരം ദൗർബല്യങ്ങളേയും വളരെ നേരത്തെ തന്നെ കണ്ടെത്താനും അത് വഴി ഒരാളെ ബാധിക്കാനിടയുള്ള രോഗങ്ങളെക്കുറിച്ച് മുൻകരുതലുകളെടുക്കാൻ ആവശ്യപ്പെടുകയും ചെയ്യാമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

പക്ഷെ, ഇയാൻ വിൽമുട്ടിന്റെ ഈ വിജയങ്ങളോടൊപ്പം വളരെ പ്രസക്തങ്ങളായ പല ചോദ്യങ്ങളും വിവിധ കോണുകളിൽ നിന്നും ഉയർന്ന് വന്നിട്ടുണ്ട്. ഈ രംഗത്ത് ഇങ്ങനെ എത്ര ദൂരം മുന്നോട്ട് പോകാൻ കഴിയും എന്നതാണ് ആദ്യത്തേത്.

മനുഷ്യ ജീവിതത്തിന്റെ മുഖഛായ മാറ്റാൻ പര്യാപ്തമായ ഈ നേട്ടങ്ങൾ തത്വസംഹിതകളുടേയും സദാചാരമൂല്യങ്ങളുടേയും ബലിത്തറയാകുമോയെന്ന സംശയമാണ് മറ്റൊന്ന്. ഗുണമേന്മയുള്ള മനുഷ്യരെ വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നതിലേക്ക് വരെ ക്ലോണിംഗ് വഴിയുള്ള ജനിതക വിസ്ഫോടനം വഴിതെളിക്കുമെന്ന് ലോകമെമ്പാടുമുള്ള സാമൂഹ്യശാസ്ത്രജ്ഞർ മുന്നറിയിപ്പ് നല്കുന്നു. ജീവിക്കാനുള്ള മനുഷ്യന്റെ ആഗ്രഹം അല്ലെങ്കിൽ അവകാശം തന്നെയാണ് ഇവയിലൂടെ കവർന്നെടുക്കപ്പെടുന്നത്.

ഇന്ന് നിലനില്ക്കുന്ന കുടുംബ-സമുദായ, സാമൂഹ്യ ബന്ധങ്ങളുടെയൊക്കെയുള്ള ആപത്കരമായ ഒരു പൊളിച്ചെഴുത്തായി ഈ കണ്ടുപിടിത്തം മാറിയേക്കാം.

കാർഷികോൽപാദന രംഗത്തും മറ്റും മനുഷ്യന് വളരെ പ്രയോജനമാകുമായിരുന്ന ശാസ്ത്രനേട്ടം എങ്ങനെ മനുഷ്യന് വിനാശകാരിയായി മാറാമെന്നതിന്റെ നല്ല ഉദാഹരണമായിരിക്കും ക്ലോണിങ്ങിന്റെ വിവേചനരഹിതമായ പ്രയോഗസാധ്യതകൾ. കൂടാതെ മനുഷ്യരുടെ ജീനുകളിലും മറ്റും തെളിഞ്ഞിരിക്കുന്ന ജനിതക രഹസ്യങ്ങൾ അവർക്കെതിരെ തന്നെ ഉപയോഗിക്കാൻ 'അധികാര കേന്ദ്ര'ങ്ങൾക്ക് ഈ കണ്ടുപിടിത്തങ്ങളിലൂടെ കഴിയും എന്നതും ഏറെ ആശങ്കയുണർത്തുന്ന പ്രശ്നമാണ്.

# സാന്ത്വനം

തങ്കച്ചൻ [illegible]
2948, [illegible]

നേരം സന്ധ്യയോടടുത്തിരുന്നു. ഇടവഴികഴിഞ്ഞ് കോലോത്തേക്ക് വേഗത്തിൽ നടക്കുമ്പോഴാണ് ക്ഷേത്രത്തിനടുത്തുള്ള ആലിൻ ചുവട്ടിൽ രാഘവേട്ടനെ കണ്ടത്. എന്നെ കണ്ടതും അവിടെ നിന്നുമാറി അടുക്കൽ വന്നു. ചുമലിലെ ബാഗു കണ്ടിട്ടാവണം അന്വേഷിച്ചു.

'വരുന്നവഴിയാ'?

'അതേ' എനിക്കു സന്തോഷം തോന്നി. ഏറെനാളത്തെ പരിചയം ഞാനും രാഘവേട്ടനുമായുണ്ട്. ഇവിടെ നിന്നു പോയിട്ട് ആദ്യമായാണ് കാണുന്നത്.

''ഒരുപാടുനാളായല്ലോ കണ്ടിട്ട്''. ഒരുകര എത്തിയപ്പോ ഇനി ഇങ്ങോട്ടില്ല എന്നു തീരുമാനിച്ചോ? ഏ?

''അങ്ങനെ എനിക്ക് പറ്റ്വോ രാഘവേട്ടാ, ഇവിടെ എനിക്ക് സ്വന്തമെന്ന് പറയാൻ രാഘവേട്ടനും, രാമേട്ടനുമൊക്കെയല്ലേ ഉള്ളൂ. കോലോത്തെത്താൻ പോണം, രാമേട്ടനെ കാണണം, വാരസ്യാരുടെ വിവരം അറയ്ക്കലെ നമ്പീശൻ വന്നപ്പഴാ അറിഞ്ഞത്. രാഘവേട്ടനൊക്കെ ഇവിടുണ്ടായിരുന്നിട്ട്''.

''നിന്നെ അറിയിക്കണമെന്നുണ്ടായിരുന്നു. പക്ഷേ, നിന്റെ ഒരു വിലാസോ, വിവര[illegible] പിന്നെ നമ്പീശൻ വന്നപ്പ പറഞ്ഞു നീ [illegible] ടുത്താണെന്ന്. നിന്നെ ഇത്രടം എത്തിക്ക[illegible] തന്ന്യാ പറഞ്ഞത്. രാമൻ തന്ന്യാ [illegible] ക്കെ ചെയ്തത്. അന്ത്യതന്നെയങ്ങ് [illegible] ം. താഴ്ന്ന് രാഘവേട്ടൻ തുടർന്നു.

''രാമൻ അതിനു ശേഷം [illegible] ക്കൊന്നും പോവാറില്ല. മിണ്ടാട്ടവും കു[illegible] യാല്യ. രാമനിയോടുമാത്രം''. ''ഓ, നിന്[illegible] ച്ചിട്ടാണോ വന്നത്, ഇല്ലെങ്കിൽ സുധ[illegible] ടു ... ''വേണ്ടാട്ടോ - ഞാൻ കഴിച്ചു. [illegible] ക്ക് ...''

ഓ, എന്നാൽ നീ നടന്നോ. ഞാ[illegible] അങ്ങോട്ട് വരാം, രാഘവേട്ടൻ, വീണ്ട[illegible] ലൊരുവനായി.

ഞാൻ നടന്നു. സുധർമ്മിണിയേട[illegible] വേട്ടന്റെ ഭാര്യയാണ്. കോലോത്തെ [illegible] നായിരുന്ന രാഘവേട്ടന്റെ അച്ഛ[illegible] ണവർ സ്നേഹം കൊണ്ടു നൽകിയ[illegible] വിനോടു ചേർന്ന ഇരുപതു സെന്റു [illegible]



അവിടെ ഇപ്പോൾ, രാഘവേട്ടനും, ഭാര്യയും, മകൾ മാലതിയും മാത്രം. അവരെയൊക്കെ കണ്ടിട്ടെത്ര നാളായി.

ഞാൻ വീണ്ടും നടന്നു.

''നെല്ലിയാറ് വറ്റി, പാറകളും തെങ്ങിൻ കഷണങ്ങളും കൊണ്ട് നിറഞ്ഞിരിക്കുന്നു. കല്ലടിനോടു ചേർന്നു നിന്നിരുന്ന ആഞ്ഞിലി ആരോ വെട്ടി മാറ്റിയിരിക്കുന്നു. തെയ്യപ്പറയും, ചാവടിയും, കടന്ന് ഞാൻ കോലോത്തിനു മുന്നിലെത്തി നിന്നു.

ഈ മുറ്റത്താണ് ഞാനും രാമേട്ടനും ഉണ്ണിലിയുമൊക്കെ കളിച്ചുവളർന്നത്. ഇവിടെ ഞാനെത്രയോ പ്രാവശ്യം വീണിട്ടുണ്ട്. ഇവിടെനിന്നാണ് ഉണ്ണിലിയെ രാമേട്ടൻ വേളികഴിച്ചുകൊണ്ടുപോയത്. രാമേട്ടന്റെ അച്ഛൻ മരിച്ചപ്പോൾ അടക്കിയതും ഈ പറമ്പിന്റെ വടക്കേ മൂലയിലായിരുന്നല്ലോ. ഇപ്പോൾ ഒട്ടുമുക്കാലും നശിച്ചിരിക്കുന്നു. നടക്കെട്ട് പൊളിഞ്ഞു വീഴാറായി, അതിലെ കാരിപ്പടി ഒടിഞ്ഞ് കാണാനില്ല.

നമസ്കരിച്ച് ഞാൻ അകത്തേക്ക് കയറി. മുറ്റത്തെ തുമ്പ കരിഞ്ഞു നശിച്ചിരിക്കുന്നു. ജാതിച്ചെടി വളർന്ന് മരമായിരിക്കുന്നു. തുളസിത്തറയിലെ മൺചെരാത് കരിന്തിരികത്തി കൺമഷിക്കൂടുപോലെ തോന്നിച്ചു. പിന്നെയും ... ഒരു പാടൊരുപാടു മാറ്റങ്ങൾ.

തുളസിത്തറയിലെ അരികിൽ കല്ലിൽ തൊട്ടു നമസ്കരിച്ച് ഞാനകത്തേക്ക് കയറി. ചിറകടിച്ചുകൊണ്ട് രണ്ടുമൂന്നു പ്രാവുകൾ പുറത്തേക്ക് പറന്നുപോയി. ചുവരിൽ മാറാലകൂടിയ വാരസ്യാരുടെ ചിത്രം. മനസ്സിൽ നമസ്കരിച്ചു. വലത്ത് തൊലയത്ത് പഴകിയ ഇടയ്ക്ക.

പുറത്ത് പ്ലാവിലകളുടെ ശബ്ദം കേട്ടു. ഞാൻ തിരിഞ്ഞു നോക്കി. രാമേട്ടൻ, കയ്യിലൊരു കഷണം വെള്ളരിക്കയുമുണ്ട്.

''ആരാ ഈ സന്ധ്യയ്ക്ക് വീട്ടിൽ? ആരാണേലും വെക്കം പറഞ്ഞോ''? ''രാമേട്ടാ ഇതുഞാനാ ഉണ്ണി''.

മനസ്സിലാവാത്തതുപോലെ നിന്ന രാമേട്ടന്റെ മുഖം തെളിഞ്ഞു. ''ആര് ഉണ്ണ്യോ? നീയെപ്പഴാ ഇങ്ക്ട് വന്നെ? ഏ?

''ഓ, ഞാനിപ്പം വന്നേയുള്ളൂ. എവിടാരുന്നു''? ഞാൻ ചോദിച്ചു. ''അപ്പുറത്തുണ്ടാരുന്നു മാലതീടടുത്ത്. ഇതവളുതന്നതാ, രാമേട്ടൻ വെള്ളരിക്ക പൊക്കിക്കാട്ടി.

''നീ വന്നിട്ട് നിക്ക്വാ അവിടിരി. രാമേട്ടൻ എന്നെപ്പിടിച്ച് ഉമ്മറത്തെ കെട്ടിലിരുത്തി.''

''നിക്ക് നിന്നോട് ഒരുകൂട്ടം സംസാരിക്കണം.''

''എന്താ രാമേട്ടാ, എന്താ സംസാരിക്കാനുണ്ടെന്ന് പറഞ്ഞിട്ട്.'' പുറത്തേക്ക് നോക്കിയിരുന്ന രാമേട്ടനോട് ഞാൻ ചോദിച്ചു. രാമേട്ടൻ പുറത്ത് പക്ഷികളെ ശ്രദ്ധിക്കുകയാണ്.

മുറ്റത്തു നിന്നു കണ്ണെടുത്ത് രാമേട്ടൻ അല്പനേരം ഇരുന്നു. എന്നിട്ട് എന്റെ മുഖത്തുനോക്കി ആ കണ്ണുകളിൽ ഒരു ചെറിയ നനവുണ്ടെന്ന് എനിക്കു മനസ്സിലായി.

''നീ, നീയറിഞ്ഞില്ലേ, വാരസ്യാരുടെ...''

''അറിഞ്ഞു. അറയ്ക്കലെ നമ്പീശൻ പറഞ്ഞു. എന്നെ അറിയിക്കാൻ വിലാസം ഇല്ലായിരുന്നത്രേ. വാരസ്യാരുടെ പെട്ടിലുണ്ടാരുന്നത് അറിയില്ലായിരുന്നുണ്ടോ. എനിക്ക് ചെറിയ ദേഷ്യവും സങ്കടവും വന്നു''.

''ഇല്ല്യാ, ഞാൻ പറയാതിരുന്നതാ. വെറുതെ നിന്നെക്കൂടി ഇങ്ങോട്ട്...''

''ഇടയ്ക്കക്കൊന്നും പോണില്ല്യാന്ന് രാഘവേട്ടൻ പറഞ്ഞു. എന്താ എന്തു പറ്റി രാമേട്ടാ, രാമേട്ടനെ ഞാൻ പിടിച്ചു കുലുക്കി ചോദിച്ചു''.

''ശര്യാ അതങ്ങിനി വയ്യ. എന്തിനാ? ആർക്കാ? വെറുതെ ഒരു പണി.''

''പണ്യോ?'' ഏ, അത് വാരസ്യാരുടെ നേർ

ച്ചയായിരുന്നു.

വാരസ്യാർ പോയി. നേർച്ചേം പോയി അതുതന്നെ. അവിടെ ആ കറുമ്പന്റെ മോനും കൂട്ടരും കളിയാക്കുന്നതാ സഹിക്കാൻ വയ്യാത്തെ. നിക്ക് പ്രാന്താത്രെ, പ്രാന്ത് ഏ, നീ പാ നിക്ക് പ്രാന്താണോ ഏ?

'ആരാങ്ങനെ പറഞ്ഞത്? രാമേട്ടനൊന്നുല്ല. ഞാനല്ലേ പറയുന്നത്' ഊം......... ഞാൻ രാമേട്ടന്റെ കൈമുറുക്കെ പിടിച്ചു.

'സന്തോഷായി, നീ അങ്ങനെ പറഞ്ഞുലോ, ഇവിടെയാരും അങ്ങനെ പറയാറില്ല. ഞാൻ പ്രാന്തനാത്രെ, പ്രാന്തൻ.

നിനക്കറിയ്യോ, ഞാനിവിടുന്നോടിപ്പോവും. അപ്പം ഇവരാരെ പ്രാന്തനെന്ന് വിളിക്കും" പലവട്ടം ചിന്തിച്ചതാ., പക്ഷേ, അപ്പം വാരാസ്യാരിവിടുണ്ടായിരുന്നു." 'അമ്പോയാപ്പിന്നെ വാരസ്യാർക്കാരാ ഒരു കൂട്ട്. ഏ. മാലതിയോടു കൂട്ടുവെട്ടിയാലും വാരസ്യാരോടില്ല. അതാ.........

'സമയത്ത് എന്തെങ്കിലും കഴിക്കാറുണ്ടോ? ഞാൻ അന്വേഷിച്ചു.

' രാഘവേട്ടനും മാലതീം സുധർമ്മിണി ചേച്ചിയുമൊക്കെയുണ്ടല്ലോ ഇവിടെ. മാലതിയോടാ എനിക്കേറ്റവും ഇഷ്ടം. എനിക്കോളെ മതിരിയിഷ്ടാ.........ആ' 'എങ്കിലും എനിക്ക് പുറത്തിറങ്ങാൻ പേട്യാ. ......... ഇവിടുത്തെ ആൾക്കാരെയാ എനിക്ക് പേടി.........ഹൊ, എല്ലാം പിശാചുക്കളാ'.

രാമേട്ടൻ തുടർന്നു 'നിക്ക് ഇവിടം വിട്ടു പോണം.'

കുറച്ചു നേരത്തിനുശേഷം ഞാൻ ചോദിച്ചു. 'എന്തിന്?

രാമേട്ടൻ ഒന്നും മിണ്ടുന്നില്ല. നിലത്ത് നോക്കിയിരിപ്പാണ്.

''എന്താ രാമേട്ടാ?'' ഞാൻ വീണ്ടും ചോദിച്ചു.

രാമേട്ടൻ മുഖമുയർത്തി എന്നെ നോക്കി.

'എന്തെങ്കിലും, എന്തെങ്കിലും......... രാമേട്ടന്റെ തൊണ്ടയിടറി, ഒരു ജന്മം മുഴുവനനുഭവിച്ച യാതന മനസ്സിൽ കാർമേഘം പോലെ ഇരുട്ടു കൂടി. മുകളിലേക്ക് നോക്കി രാമേട്ടൻ പൊട്ടിക്കരഞ്ഞു.

'എന്തിനെങ്കിലും......... അച്ഛനെന്തേടാ പോയേ? വാരസ്യാരെന്തേടാ പോയെ? നിന്റച്ഛനുമമ്മയുമെന്തേടാ പോയേ?

' അതേപോലെ എന്തെങ്കിലും'

രാമേട്ടൻ കരയുകയാണ്, ഒരു കുഞ്ഞിനെപ്പോലെ, എന്റെ മടിയിൽ തലവെച്ച്. സാന്ത്വനത്തിന്റെ സുഖമനുഭവിച്ച്.........

ഉണർത്തിയില്ല. ഉറങ്ങട്ടെ......... സ്വസ്ഥമായി ഉറങ്ങട്ടെ. ഞാൻ രാമേട്ടനെ മെല്ലെ തലോടി, ഒരു കുട്ടിയെയെന്നപോലെ.

എനിക്ക് വളരെ സംതൃപ്തി തോന്നി, എന്തെന്നില്ലാത്ത ഒരു പ്രത്യേക സുഖം, ആ സുഖത്തിന്റെ ആഴങ്ങളിലേക്ക് ഊളിയിട്ട് ഞാൻ ഇരുന്നു.

ഓലയ്ക്കിടയിലൂടെ പ്രകാശം കണ്ണിൽ വീണു. രാമേട്ടൻ മടിയിൽ തന്നെയുണ്ട്. ഉറങ്ങുകയാണ്. ഞാൻ മെല്ലെ വിളിച്ചു. രാമേട്ടാ, രാമേട്ടാ' അനക്കമില്ല. ഞാൻ വീണ്ടും വീണ്ടും വിളിച്ചു. ഇല്ല. ഇനി രാമേട്ടനെ ഉണർത്താൻ ആർക്കും കഴിയില്ല. അനന്തതയിലേക്ക്. രാമേട്ടൻ മെല്ലെ നീങ്ങിക്കഴിഞ്ഞിരുന്നു...

ഉച്ചയ്ക്ക് പോകാൻ നേരം രാഘവേട്ടൻ വന്നു. 'ഇനിയെന്നാ ഇങ്ങോട്ട്?'

'ഇല്ല രാഘവേട്ടാ. ഇനിയൊരു വരവ് അടുത്ത കാലത്തില്ല.'

' ഞാൻ രാഘവേട്ടനൊന്നും തന്നിട്ടില്ല. വേണ്ടെന്നു പറയണ്ട, ഇതിരിക്കട്ടെ, എന്റെ പേരിൽ രാമേട്ടന് ഒരു കോടി വാങ്ങുക.



# സാരിയുടെ ബോർഡർ

വിനോദ് ജയകുമാർ
ക്ലാസ്: 12, റോൾ നമ്പർ 2991, അശോകാ ഹൗസ്

വീട് എത്തിയിരിക്കും. വിനോദിന്റെ മുഖത്തെ തെളിച്ചം കണ്ട് വേണി ഊഹിച്ചു. അവരുടെ കല്യാണം കഴിഞ്ഞിട്ട് ഇന്ന് മൂന്ന് മാസം തികയുന്നു. ആദ്യ രാത്രിയിൽ 'സ്വയം പരിചയപ്പെടുത്തൽ' പരിപാടിയിൽ വിനോദ് ആദ്യം തന്നെ പറഞ്ഞത് ഇത് എന്റെ വീടാണെങ്കിലും ഞാൻ വളർന്നതും കളിച്ചതും പഠിച്ചതും എല്ലാം മറ്റൊരു 'വീട്ടിൽ ' ആണ് എന്നാണ്. വിനോദ് ഉദ്ദേശിച്ച വീട് പഠിച്ച ആ സ്കൂളാണെന്ന് വേണിക്ക് താമസിയാതെ മനസ്സിലായി. എന്തു സംസാരിച്ചാലും അവസാനം വിനോദ് എത്തുന്നത് സ്കൂളിൽ അല്ലെങ്കിൽ കൂട്ടുകാരെ പറ്റിയുള്ള സംഭവങ്ങളിൽ ആയിരിക്കും. ജോലിതിരക്ക് കഴിഞ്ഞ് ഇന്നാണ് വിനോദ് വേണിയെ വീട് കാണിക്കാം എന്ന് പറഞ്ഞത്. കാർ സ്കൂൾ ഗേറ്റിലേക്ക് അടുത്തു. അതു കണ്ടതും വേണി പറഞ്ഞു ' ഞാൻ മൂന്നു മാസമായി ഈ വീടിന്റെ പുരാണം കേൾക്കുന്നതല്ലേ. കാണാതെ തന്നെ ഒരു ചിത്രം മനസ്സിൽ ഉണ്ട്. എനിക്ക് ഇവിടെയുള്ള എല്ലാ സ്ഥലങ്ങളും ആൾക്കാരെയും ഊഹിക്കാം. 'സമ്മതിച്ചു.എല്ലാം ശരിയാണെങ്കിൽ നീ വേണമെന്നു പറഞ്ഞ പട്ടുസാരി സമ്മാനം.' വിനോദ് പറഞ്ഞു.

ഇതാണ് പരേഡ് ഗ്രൗണ്ട്. എഴുവർഷം കൊണ്ട് മനധൈര്യവും ആത്മവിശ്വാസവും തോൽവികൾ ഏൽക്കാനുള്ള കരുത്തും ജയം പിടിച്ചടക്കാനും, പഠിപ്പിച്ചു വളർത്തിയ പുണ്യഭൂമി. ശരിയല്ലേ? വേണി വിശ്വാസത്തോടെ ചോദിച്ചു. ' 'സ്ഥിരം റുട്ടീനിൽ നിന്ന് മനസ്സ് മടുക്കുമ്പോൾ വരുന്ന സുഖവാസകേന്ദ്രമായ എം.ഐ.റും അല്ലേ ഇത്?'' ആശുപത്രി ചൂണ്ടിക്കാട്ടി അവൾ അടുത്ത ചോദ്യം തൊടുത്തുവിട്ടു.

പിന്നീട് മെസ്സും, സ്കൂൾബ്ലോക്കും ഹൗസും എല്ലാം വേണി അനായാസം കാണിച്ചുതന്നു. '' ദൈവമേ സാരിയും സ്വർണ്ണവും സിനിമയും മാത്രം കമ്പമുള്ള എന്റെ ഭാര്യ ഇതെല്ലാം ഓർക്കണമെങ്കിൽ ഞാൻ ഭയങ്കരമായി കത്തിയടിച്ചിട്ടുണ്ടാവും! വിനോദ് ഓർത്തു. ആചാര്യന്മാരെയൊക്കെ കാണാൻ തുടങ്ങിയപ്പോഴും വേണിക്ക് തെറ്റുമെന്ന് ഞാൻ കരുതി. ഒരിടവും പതറാതെ അവൾ മുന്നേറി. ഉച്ചയ്ക്ക് ഊണ് ഒരു അദ്ധ്യാപകന്റെ വീട്ടിൽ ആയിരുന്നു. വീട്ടിൽ വിനോദിനോടുള്ള സ്നേഹം കണ്ട് വേണി അതിശയിച്ചു. ''എനിക്ക് നല്ല ടീച്ചർമാർ ഉണ്ട്, പക്ഷേ ഒരിക്കലും അവരുമായും അവരുടെ വീട്ടുകാരുമായും ഇത്രയും നല്ല ബന്ധം സ്ഥാപിക്കാൻ പറ്റിയിട്ടില്ല. ഇത് സൈനിക് സ്പെഷ്യൽ ആണോ?'' വേണിക്ക് സംശയം!

''എങ്ങനെയുണ്ട് എന്റെ സ്കൂൾ'' വിനോദ് ചോദിച്ചു. ''ശരിക്കിഷ്ടായി. എന്തു നല്ല ആൾക്കാർ. പഠിച്ച് ഇറങ്ങി ഇത്ര നാളായിട്ടും ആരും പേര് പോയിട്ട് സ്വഭാവങ്ങൾകൂടി മറന്നിട്ടില്ലല്ലോ.'' എല്ലായിടവും കണ്ട് കഴിഞ്ഞപ്പോൾ വൈകുന്നേരമായി. ഇനിയും ഒരു ചാൻസ് കൂടി ഉണ്ടായിരുന്നു വേണിക്ക്. മടക്കയാത്രയിൽ വിനോദ് ചോദിച്ചു. ''ഞാൻ സ്കൂളിന്റെ കഥകൾ പറഞ്ഞു തന്ന് ധാരാളം ബോറടിപ്പിച്ചിട്ടുണ്ടല്ലോ? ഒരു ചോദ്യം കൂടി. സ്കൂളിൽ വന്ന് കണ്ടതിൽ നിനക്ക് ഏറ്റവും ഇഷ്ടപ്പെട്ടതെന്താണ്?''

അവൾ ഒട്ടും കൂസാതെ മറുപടി പറഞ്ഞു. നമ്മൾ അവസാനം കയറിയ വീട്ടിലെ സാറിന്റെ ഭാര്യ ഉടുത്തിരുന്ന സാരിയുടെ ബോർഡർ.

# സ്വാതന്ത്ര്യസ്മൃതി

ചാന്ദീപ് എം.സി., റോൾ നമ്പർ : 3523,
ക്ലാസ് : VIII ബി, നെഹ്റു ഹൗസ്

സ്വാതന്ത്ര്യസമരകാലത്തെ ബ്രിട്ടീഷുകാരുടെ ഏറ്റവും പൈശാചികമായ മനുഷ്യക്കുരുതിയായിരുന്നു ജാലിയൻ വാലാബാഗിൽ നടന്നത്.

1919 ഏപ്രിൽ 13 ന് ആയിരുന്നു ജാലിയൻ വാലാബാഗ് സംഭവം നടന്നത്. പഞ്ചാബിലെ ബ്രിട്ടീഷ് ഭരണത്തിനെതിരെ ജനങ്ങൾ കലാപമാരംഭിച്ചു. അമൃത്സറിലെ ഒരു ഇടുങ്ങിയ മൈതാനമായിരുന്നു ജാലിയൻ വാലാബാഗ്. ഏപ്രിൽ പതിമൂന്നിന് സ്ത്രീകളും കുട്ടികളും അടക്കം ധാരാളം ആളുകൾ ഒരു പൊതുയോഗം ചേർന്നു. ഇതിൽ ക്ഷുഭിതനായി ജനറൽ ഡയർ പട്ടാളത്തോട് വെടിവയ്ക്കാൻ ആജ്ഞാപിച്ചു. ജനങ്ങൾ അങ്ങുമിങ്ങും പാഞ്ഞു. പക്ഷെ ആ ഇടുങ്ങിയ മൈതാനത്തിൽ നിന്ന് രക്ഷപ്പെടാൻ ആയില്ല. ഒരു മുന്നറിയിപ്പും കൂടാതെ ഉണ്ടായ ഈ വെടിവെയ്പിൽ സ്ത്രീകളും കുട്ടികളും അടക്കം ആയിരത്തോളം ആളുകൾ വെടിയേറ്റു മരിച്ചു. ധാരാളം ആളുകൾക്ക് പരിക്കേറ്റു.

ഈ കൂട്ടക്കുരുതി ഇന്ത്യയിൽ മാത്രമല്ല ലോകമെമ്പാടും പ്രതിഷേധമുളവാക്കി. ഇതേത്തുടർന്ന് ഡയർക്ക് സ്ഥാനം നഷ്ടപ്പെട്ടു. ജാലിയൻ വാലാബാഗ് സംഭവത്തെത്തുടർന്ന് മഹാകവി രവീന്ദ്രനാഥടാഗോർ, ജാനകിനാഥ് ബോസ് തുടങ്ങിയവർ 'സർ' സ്ഥാനമുപേക്ഷിച്ചു. ഇന്ത്യയിൽ ഇതിന് എതിരായി പ്രതിഷേധസമരങ്ങൾ ആരംഭിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ജാലിയൻ വാലാബാഗ് ഒരു വഴിത്തിരിവ് തന്നെ സൃഷ്ടിച്ചു. അന്ന് ജാലിയൻ വാലാബാഗിൽ ബ്രിട്ടീഷുകാരുടെ തോക്കിൽ നിന്നും ഉതിർന്ന വെടിയുണ്ടകളുടെ പാടുകൾ ഇന്നും അവിടെകാണാം; ആ മഹാദുരന്തത്തിന്റെ പ്രതീകമായി.

ജാലിയൻ വാലാബാഗിലെ കൂട്ടക്കൊലയ്ക്ക് കാരണക്കാരനായ ഡയർ 21 വർഷങ്ങൾക്കുശേഷം ഇംഗ്ലണ്ടിൽ കൊല്ലപ്പെട്ടു. പ്രതികാരം നിറവേറ്റാൻ വേഷപ്രച്ഛന്നനായി ഇംഗ്ലണ്ടിൽ പോയി താമസിച്ച ഉദ്ധംസിംഗിന്റെ പ്രതിജ്ഞ നിറവേറ്റപ്പെട്ടു. "മുഹമ്മദ് സിംഗ് ആസാദ്" എന്ന പേരിലായിരുന്നു ഉദ്ധംസിംഗ് ഇംഗ്ലണ്ടിൽ താമസിച്ചത്. 1940 മാർച്ച് 13നായിരുന്നു ഡയർ കൊല്ലപ്പെട്ടത്. മരണശിക്ഷ വിധിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കണമെന്നാവശ്യപ്പെട്ട ജസ്റ്റിസ് അറ്റ്കിൻസിനോട് സിംഗ് ഉറക്കെപ്പറഞ്ഞു.

"ബ്രിട്ടീഷ് സാമ്രാജ്യം നശിക്കട്ടെ എന്നു മാത്രമേ എനിക്ക് പറയാനുള്ളു. നിങ്ങൾക്ക് മനുഷ്യത്വമുണ്ടെങ്കിൽ നിങ്ങൾ ലജ്ജ കൊണ്ട് മരിക്കണം. ബ്രിട്ടീഷ് സാമ്രാജ്യം നശിക്കട്ടെ. വൃത്തികെട്ട ബ്രിട്ടീഷ് നായ്ക്കൾ തുലയട്ടെ."

പ്രതിക്കൂട്ടിൽ നിന്നും ഇറങ്ങവെ അദ്ദേഹം വക്കീലിന്റെ മേശയ്ക്കുമുകളിലൂടെ ജഡ്ജിയുടെ നേർക്കു കാർക്കിച്ചു തുപ്പി.

ഉദ്ധംസിംഗ് താമസിയാതെ രക്തസാക്ഷിത്വം വരിച്ചു.

"ഭാരതമാതാവിന്റെ ആ വീരപുത്രന് ആദരാഞ്ജലികൾ"



# പ്രതീക്ഷ

ഒരു കൈക്കുമ്പിൾ നിറയെ,
പ്രതീക്ഷകൾ തൻ നാമ്പുകൾ
വാനം മുട്ടുന്ന പ്രതീക്ഷകൾ!
എൻ ശക്തിയെ മൂടിമറയ്ക്കുന്ന മോഹങ്ങൾ
തണ്ണീർകനിഞ്ഞിരിക്കും വിടപിപോൽ,
തേങ്ങുന്നെൻ അന്തരാളം.
പ്രതീക്ഷാസാഫല്യത്തിനായി,
നേരുന്നു വഴിപാടുകളനേകം
ജീവിതമാം ഭാഗ്യചക്രം എന്നെങ്കിലും,
വിരൽചൂണ്ടും എൻനേരെ
തേങ്ങിക്കരയാൻ വെമ്പുന്നെൻ-
ഹൃദയത്തിനാശ്വാസമേകും പ്രതീക്ഷകൾ
വൻ കൊടുമുടികൾ കടക്കുവാൻ മോഹം,
അനന്തമജ്ഞാതമാം സമുദ്രത്തിലെ-
അലകൾ പോലെയെൻ മോഹങ്ങൾ.

ഹരികൃഷ്ണൻ. ആർ.
റോൾ നമ്പർ : 3488, ക്ലാസ് 10 എ, രാജാജി ഹൗസ്

# നിമിത്തം


പ്രിൻസ് മത്തായി
റോൾ നമ്പർ 3012, ക്ലാസ്: 12 എ രാജാജി ഹൗസ്

ജെ. സുനീത്കുമാർ
റോൾ നമ്പർ 3151, ക്ലാസ്:11 സിവാജി ഹൗസ്


ജനുവരി 25, രാത്രി 12 മണി.

തിരക്കുപിടിച്ച മറ്റൊരു ദിനത്തിനുകൂടി തിരശ്ശീലയിട്ടു കൊണ്ട് ബോംബെ നഗരം രാത്രിയുടെ മൂന്നാമത്തെ യാമത്തിലേക്ക് പ്രവേശിക്കുന്നു.

ട്രിണീം... ട്രിണീം...

ഒന്നു മയങ്ങിത്തുടങ്ങിയപ്പോഴാണ് ഫോൺ ബെല്ലടിച്ചത്. ഉറക്കച്ചടവോടെ ഞാൻ ഫോണെടുത്തു.

"ഹലോ...?"

"ഹലോ, ഡൽഹിയിൽ നിന്ന് മീരയുടെ മുത്തച്ഛനാണ്. അവൾ നാളെ രാവിലത്തെ ഫ്ളൈറ്റിന് അവിടെയെത്തും. നീ എയർപോർട്ടിൽ ചെല്ലണം. അവൾക്കവിടെ വേറെയാരെയും പരിചയമില്ലെന്ന് നിനക്കറിയാമല്ലോ. മോഹനാ, നീയാണിപ്പോൾ എന്റെ ഏക ആശ്രയം."

എനിക്കെന്തെങ്കിലും പറയാനാകും മുമ്പ് ഫോൺ കട്ടായി. എന്തു ചെയ്യണമെന്നറിയാതെ ഞാൻ കുഴങ്ങി. പക്ഷേ, ആരും സഹായത്തിനില്ലാതെ, ആർക്കും വേണ്ടാതെ, നിസ്സഹായയായി ബോംബെ തെരുവുകളിലൂടെ അനാഥപ്രേതം പോലെ അലയുന്ന പെൺകുട്ടിയുടെ രൂപം എന്നെ ഒരു തീരുമാനമെടുക്കാൻ പ്രേരിപ്പിച്ചു. "നാളെ എയർപോർട്ടിൽ പോകുക തന്നെ", എന്റെ മനസ്സ് മന്ത്രിച്ചു.

നടന്നു നീങ്ങുന്ന ആൾക്കൂട്ടത്തിനിടയിൽ എന്റെ കണ്ണുകൾ ആ പെൺകുട്ടിയ്ക്കായി പരതി. പെട്ടെന്നാണ് ആ മുഖം എന്റെ ശ്രദ്ധയിൽ പെട്ടത്, എയർഹോസ്റ്റസിനൊപ്പം സുന്ദരിയായ ഒരു പെൺകുട്ടി. പാറിപ്പറന്നു കിടക്കുന്ന മുടി. നിഷ്കളങ്കയായ മുഖം. മഞ്ഞനിറത്തിലുള്ള ചുരിദാറാണ് വേഷം. കയ്യിൽ ഒരു പെട്ടിയുമുണ്ട്.

ചോദ്യഭാവത്തിൽ ഞാൻ വിളിച്ചു.

"മീര?"

എയർഹോസ്റ്റസ് എന്റെ നേരെ തിരിഞ്ഞു.

"ഓ, നിങ്ങളെത്തിയോ? ആരെയും കാണാതെ മീര അല്പം പരിഭ്രമിച്ചിരുന്നു. ഇനി ഇപ്പോ എനിക്കു പോകാമല്ലോ?"

"താങ്ക്യൂ മാഡം"

അവരുദ്ദേശിക്കുന്നയാൾ ഞാനല്ല എന്നു പറയാൻ തുനിഞ്ഞതാണ്. പക്ഷേ അന്തഃകരണത്തെ വിലക്കിയ ഏതോ നിഗൂഢപ്രേരണയാൽ എനിക്കതിനു കഴിഞ്ഞില്ല. വീട്ടിലേയ്ക്കുള്ള യാത്രക്കിടയിൽ ഞാൻ തന്നെ ആദ്യം മൗനം ഭേദിച്ചു.

"ഞാൻ മോഹൻകുമാർ, ഒരു ബിസിനസ് എക്സിക്യൂട്ടീവാണ്. മീരയിപ്പോൾ എന്റെ വീട്ടിലേയ്ക്കാണ് പോകുന്നത്."

അവൾ മന്ദഹസിച്ചു. പക്ഷേ, ഒന്നും ഉരിയാടിയില്ല.

പക്ഷേ, വീട്ടിലെത്തിയപ്പോൾ ആ നിഷ്കളങ്കമായ മുഖത്ത് സംതൃപ്തിയുടെ കിരണങ്ങൾ വീശി. ആയിരം സൂര്യചന്ദ്രന്മാർ ഒന്നിച്ചു പ്രഭ ചൊരിയുന്നതുപോലെ അവളുടെ മുഖം ആഹ്ലാദത്തിന്റെ അതുല്യശോഭ തേടി.

നഗരം ഇരുട്ടിലാണ്ടു. അടക്കാനാവാത്ത ജിജ്ഞാസ കൊണ്ടാവണം, തെറ്റാണെന്നറിഞ്ഞിട്ടും മീര ഉറങ്ങിക്കിടന്നപ്പോൾ ഞാനവളുടെ പെട്ടി പരിശോധിച്ചു.

ബോംബെ നഗരത്തിലെ സുപ്രസിദ്ധനായ മനശാസ്ത്രജ്ഞൻ ഡോ. മോഹൻദാസ്. അയാളുടെയടുത്ത് ചികിത്സയ്ക്കാണ് മീര വന്നിരിക്കുന്നത്.

മീരയുടെ ചികിത്സ തുടങ്ങിയിട്ട് രണ്ടാഴ്ച കഴിഞ്ഞു. ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ ഞങ്ങൾ മാനസികമായി വളരെ അടുത്തിരുന്നു. തന്നെ പരിചരിക്കാനും, തന്നോടൊപ്പം സമയം ചെലവഴിക്കാനും ആരോ ഉണ്ടെന്ന തോന്നൽ മീരയെ നിർവൃതിയിലാഴ്ത്തി. എങ്ങനെയൊക്കെയോ ഞങ്ങൾ പരസ്പരം ഇഷ്ടപ്പെട്ടു തുടങ്ങിയിരുന്നു. ഉള്ളിന്റെയുള്ളിൽ അന്തർലീനമായിരുന്ന ഏതോ വികാരം വളർന്നു തുടങ്ങിയതായി ഞാൻ മനസ്സിലാക്കി.

അങ്ങനെയിരിക്കെ അയാൾ അവളെത്തേടിയെത്തി. അയാളെക്കണ്ടതും മീര പൊട്ടിത്തെറിച്ചു. ഒരു ഭ്രാന്തിയെപ്പോലെ പുലമ്പി. മോഹനവർമ്മ - അയാൾ അവളുടെ ഭാവിവരനായിരുന്നു. ചികിത്സയ്ക്കായി മീരയെ മുത്തച്ഛൻ അയാളുടെയടുത്തേയ്ക്കാണ് അയച്ചിരുന്നത്. യാദൃച്ഛികമായി സംഭവിച്ച ഒരു 'റോങ് നമ്പർ' ആയിരുന്നു ഞങ്ങളുടെ സംഗമത്തിന് ഹേതുവായിത്തീർന്നത്.

മോഹനവർമ്മയോടുള്ള അവളുടെ പെരുമാറ്റം എന്നിൽ അമ്പരപ്പുളവാക്കി. അവൾക്കാകെയുണ്ടെന്ന് ഞാൻ കരുതിയ മുത്തച്ഛനെക്കുറിച്ച് പോലും ഒരക്ഷരം അവൾ ഉരിയാടിയില്ല. ഞാൻ അന്വേഷിച്ചുമില്ല. സ്നേഹം പങ്കുവയ്ക്കുന്നതിൽ ഞാനല്പം സ്വാർത്ഥനായതാവാം കാരണം.

പതിനഞ്ചുദിവസം മുമ്പാണ് ഡോ. മോഹൻദാസ് മീരയെ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തത്. ഈ പതിനഞ്ചു ദിവസവും ഞാനോ മോഹനവർമ്മയോ അവളെ കാണരുതെന്നും വിലക്കിയിരുന്നു. ദീർഘകാലമായി പെയ്തുകൊണ്ടിരുന്ന പെരുമഴ തോർന്നുവെന്നതുപോലെ എന്റെ ഹൃദയത്തിൽ ആഹ്ലാദത്തിന്റെ നവലഹരി പുളകമണിയിച്ചു.

"ആരാ മിസ്റ്റർ മോഹൻകുമാർ!"

ഒരു നേഴ്സിന്റെ നേർത്ത ശബ്ദം എന്നെ ചിന്തകളിൽ നിന്നുണർത്തി.

"ഞാനാ, എന്താ?"

"ഡോക്ടർ ഒന്നു കാണണമെന്നു പറഞ്ഞു"

ഡോക്ടറുടെ മുറിയിൽ കയറിയപ്പോൾ എന്റെ മനസ്സ് ഉത്സാഹഭരിതമായിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ മുഖത്ത് ഒരു വിഷാദഭാവം നിഴലിച്ചിട്ടുള്ളതായി എനിക്കു തോന്നി. "എന്റെ തോന്നലാവാം." ഞാൻ സമാധാനിച്ചു.

ഡോക്ടർ സംസാരിച്ചുതുടങ്ങി.

"മിസ്റ്റർ മോഹൻ ഞാൻ പറയാൻ പോകുന്ന കാര്യങ്ങൾ ക്ഷമയോടെ കേൾക്കുക. മീര വർത്തമാനകാലത്തിൽ മാത്രം ജീവിക്കുന്ന ഒരു പെൺകുട്ടിയാണ്. അവളുടെ ഭൂതവും ഭാവിയും അവൾക്ക് അജ്ഞാതമായിരുന്നു. അവളെ സാധാരണസ്ഥിതിയിലാക്കാൻ എന്റെ മുന്നിൽ ഒരു വഴിയേ ഉണ്ടായിരുന്നുള്ളൂ. അവളിലെ വർത്തമാനകാലസ്മരണകൾ നീക്കം ചെയ്യുക. അനുവദി

അവളുടെ ഭൂതകാലം സ്മൃതിപഥത്തിലെത്തിക്കു ക. ഞാനാ കർമ്മം നിർവ്വഹിച്ചു. ഈ നിമിഷം മുതൽ അവൾ ഒരു പുതിയ പെൺകുട്ടിയാണ്. ഭൂതവും വർത്തമാനവും മനസ്സിലാക്കി, ഭാവിയെക്കുറിച്ച് ഉത്സുകയായി ജീവിക്കുന്ന ഒരു സാധാരണപെൺകുട്ടി.''

അല്പം ദൈന്യഭാവത്തോടെ ഡോക്ടർ തുടർന്നു. ''പക്ഷേ.. ഇതിനിടയിൽ അവളുടെ ഈ ചുരുങ്ങിയ കാലത്തെ ബോംബെ ജീവിതത്തെക്കുറിച്ചുള്ള ഓർമ്മകൾ ഈ ഹോസ്പിറ്റലിന്റെ നാലു ചുവരുകൾക്കുള്ളിലേത് മാത്രമായി. അതിനാൽ അവൾ നിങ്ങളെ കണ്ടാൽ...''

എന്താണ് അദ്ദേഹം പറയാൻ പോകുന്നതെന്ന് മനസ്സിലാക്കാൻ മാത്രം പക്വതയുണ്ടായിരുന്നു എനിക്ക്. ഞാൻ എഴുന്നേറ്റ് നടന്നു. മുന്നിലേയ്ക്കുള്ള വഴി മഞ്ഞുമൂടിക്കിടക്കുന്നതായി എനിക്കനുഭവപ്പെട്ടു. നെയ്തുകൂട്ടിയ സ്വപ്നങ്ങൾ ഒരു നിമിഷം കൊണ്ട് ചിന്നഭിന്നമായിപ്പോയതായി എനിക്കു തോന്നി. പക്ഷേ ഞാൻ സമനില വീണ്ടെടുത്തു.

സ്വന്തം വ്യക്തിത്വം പോലും നഷ്ടപ്പെട്ട് ഏകയായി ജീവിതമാകുന്ന അനന്തസാഗരത്തിലെ തിരമാലകളിൽപ്പെട്ട് ലക്ഷ്യമില്ലാതെ ചക്രവാളസീമയിലേക്ക് ഒഴുകിക്കൊണ്ടിരുന്ന ഒരു പാവം പെൺകൊടിയെ സുരക്ഷിതയായി തിരതൊടത്തിക്കാൻ കഴിഞ്ഞത് എന്റെ മുജ്ജന്മസുകൃതമാണെന്നു കരുതി എന്റെ തേങ്ങുന്ന മനസ്സിനെ ഞാൻ സമാധാനിപ്പിച്ചു.

ഫെബ്രുവരി 20 രാത്രി 12 മണി.

ബോംബെ എയർപോർട്ട്.

ഡൽഹിയിലേയ്ക്കുള്ള വിമാനം പറന്നുയർന്നു. അല്പനേരം മുമ്പാണ് മോഹനവർമ്മ എന്നെ മീരയ്ക്ക് പരിചയപ്പെടുത്തിയത്.

കഴിഞ്ഞതെല്ലാം ഒരു സുഖകരമായ സ്വപ്നമാണെന്നു വിശ്വസിക്കാൻ ഞാൻ ശ്രമിച്ചു. അനന്തമായ ആകാശനീലിമയിലൂടെ ഒഴുകിനീങ്ങുന്ന ആ രാക്ഷസപ്പക്ഷിയിലേയ്ക്ക് കണ്ണുംനട്ട് നിർന്നിമേഷനായി ഞാൻ നോക്കിനിന്നു.








# ഓർമ്മകളിൽ അവൾ


പി.എസ്. കീർത്തി പ്രഭാകർ ഉണ്ണിത്താൻ
റോൾ നമ്പർ : 3677, ക്ലാസ്: 9 സി, ശിവജി ഹൗസ്


പഠനിയിലെ സ്വർണ്ണഗോപുരത്തെക്കാളേറെ എന്നെ ആകർഷിച്ചത് സൗന്ദര്യവും, ചുറുചുറുക്കുമുള്ള 'ആ' പെൺകുട്ടിയായിരുന്നു. ദർശനത്തിനായുള്ള ക്യൂവിൽ നിൽക്കുമ്പോഴാണ് ഞാനവളെ ആദ്യമായി കാണുന്നത്. അടുത്തു നിൽക്കുന്നയാൾ ചേട്ടനാണെന്ന് തോന്നി. അയാളോടൊപ്പം എന്തോ തമാശ പറഞ്ഞ് ചിരിക്കുകയായിരുന്നു അവൾ. ഇടയ്ക്കെപ്പഴോ ആ തിരക്കിനിടയിൽ അവൾ അപ്രത്യക്ഷമായി ഞാൻ നിന്നിടത്തുനിന്നുകൊണ്ട് എത്തി എത്തി അവളെ നോക്കി. കണ്ടില്ല. ''ആരെയാടാ നോക്കുന്നത്?'', അമ്മാവൻ ചോദിച്ചു. ഞാനൊന്നും മിണ്ടിയില്ല പിന്നെ ഞാനവളെ കാണുന്നത് സാക്ഷാൽ പഴനി മുരുകന്റെ മുന്നിലാണ്. കാണിച്ചു തന്നതിന് പുള്ളിയോടൊരു നന്ദിയും പറഞ്ഞ് ഞാനവളുടെ പിറകെ കൂടി.

ഇടയ്ക്കെപ്പഴോ ഞാനവളുടെ പിറകെ ചെല്ലുന്നതവൾ കണ്ടു. എന്നെ നോക്കി ഒരു ഗോഷ്ഠി കാണിച്ചു. ഞാനൊന്നു ചമ്മി. ''പോടീ'', എന്നു ഞാൻ പതുക്കെ പറഞ്ഞു. അവൾ കേട്ടില്ല (കേൾക്കാൻ വേണ്ടിയല്ല പറഞ്ഞതും.)

പടിയിറങ്ങുമ്പോഴും ഞാൻ അവളുടെയും അവളുടെ രക്ഷിതാക്കളുടെയും പിറകെ തന്നെയായിരുന്നു. ഇടയ്ക്ക് അമ്മായി പറഞ്ഞു, ''മോനെ, ഒന്നു പതുക്കെ പോടാ'' മൈൻറ് ചെയ്തില്ല അമ്മായിയുടെ കൂടെ അമ്മാവനില്ല. പിന്നെന്താ.

താഴെയെത്തിയതിനുശേഷം തിരക്കിനിടയിലെപ്പോഴോ പിന്നെയും എനിക്കവളെ നഷ്ടപ്പെട്ടു. ''ശ്ശെ'', മനസ്സിൽ ഒരു വല്ലാത്ത നഷ്ടബോധം തോന്നി. അവളാരാ, ആരുമല്ലല്ലോ എന്നു ചിന്തിക്കാൻ ശ്രമിച്ചു. ആരോ ആണ് എന്ന് മനസ്സ് പറഞ്ഞു. കാറിൽ കയറുമ്പോൾ മനസ്സ് വല്ലാതെയായിരുന്നു.

''നീയെന്നാ തിരിച്ച് സ്കൂളിൽ പോകുന്നത്?'' അമ്മാവൻ ചോദിച്ചു.

''നാലാം തീയതി''

''മെയ്താം ക്ലാസ്സാണ് നന്നായി പഠിക്കണം.'' അമ്മായിയുടെ വക.

ഇവർക്കൊക്കെ ഒന്നു മിണ്ടാതിരുന്നാലെന്താ. പെട്ടെന്നാണ് ഞങ്ങളുടെ മുന്നിൽ പോകുന്ന തുറന്ന ജീപ്പിൽ എന്റെ സുന്ദരിക്കുട്ടിയെ ഞാൻ കണ്ടത്. ആ ജീപ്പിന്റെ നമ്പർ ഞാൻ കണ്ടു. കെ.എൽ.01.സി.9779.

ഇടയ്ക്ക് ഏതോ ഒരു ജംഗ്ഷനിൽ ഞങ്ങൾ ഒരുചായ കുടിക്കാനിറങ്ങി. അപ്പോൾ ആ കടയിലുള്ളയാൾ അവിടെ നടന്ന ഒരു ആക്സിഡന്റിനെപ്പറ്റി പറയുകയായിരുന്നു. വഴിയിൽ ഗ്ലാസ് പൊട്ടിച്ചിതറിക്കിടക്കുന്നു. ഞാൻ അങ്ങോട്ട് ചെന്നു നോക്കി. ഒരു ലോറിയും, ഒരു തകർന്ന ജീപ്പും അവിടെ ഒതുക്കിയിട്ടിരിക്കുന്നത് കണ്ടു. ആ ജീപ്പിന്റെ ചളുങ്ങിയ നമ്പർ പ്ലേറ്റ്. കെ.എൽ.01.സി.9779

ഞാനൊന്നു ഞെട്ടി. പുറകിൽ നിന്ന അമ്മാവൻ പറഞ്ഞു, ''ജീപ്പിലുണ്ടായിരുന്നവരെല്ലാം തീർന്നെന്നു തോന്നുന്നു.'' അതും കൂടിയായപ്പോൾ ഞാൻ തളർന്നുപോയി. കാറിൽ കയറുമ്പോൾ ഞാൻ ഉരുകുകയായിരുന്നു. ഒന്നുറക്കെക്കരയണമെന്നെനിക്കു തോന്നി. ഇപ്പോഴും ഞാനവളെ ഓർക്കാറുണ്ട്. അവൾ ജീവിച്ചിരിക്കുന്നോ മരിച്ചോ എന്നെനിക്കറിയില്ല. പക്ഷേ, ഇപ്പോഴും ഞാനവളെ സ്നേഹിക്കുന്നു.



# നന്മ നേർന്നുകൊണ്ട്

കിരൺ സി.
റോൾ നമ്പർ : 2995 അശോകാ ഹൗസ്

രാജ് വി.വി.
റോൾ നമ്പർ : 3071, അശോകാ ഹൗസ്

മൊട്ടത്തലയിൽ വട്ടക്കെട്ടുമായി നടക്കുന്ന കുട്ടപ്പൻ ചേട്ടനാണ് കുട്ടനാട്ടിലെ പ്രധാന മുട്ടവില്പനക്കാരൻ. എട്ടുമണിക്ക് ഒരു കട്ടനും പുട്ടും കഴിച്ച് മൊട്ടത്തലയിൽ വട്ടക്കെട്ടും കെട്ടി ഒരു കുട്ട മുട്ടയുമായി കുട്ടപ്പൻചേട്ടൻ പട്ടണത്തിലേക്കു യാത്രയായി. പട്ടണത്തിലേക്കുള്ള നെട്ടോട്ടത്തിൽ കുട്ടപ്പൻ ചേട്ടന്റെ മുട്ടും, കൊട്ടയിലുണ്ടായിരുന്ന മുട്ടകളും തട്ടിപ്പൊട്ടി. അപ്പോൾ ആ വഴിക്കുവന്ന അപ്പക്കാരൻ പപ്പനപ്പൂപ്പനെ കെട്ടിപ്പിടിച്ച് എട്ടും പൊട്ടും തിരിയാത്ത കുട്ടിയെപ്പോലെ കുട്ടപ്പൻ ചേട്ടൻ പൊട്ടിക്കരഞ്ഞു.

കുട്ടപ്പൻ ചേട്ടന്റെ കദനകഥയുടെ ഒപ്പത്തിനൊപ്പം നിൽക്കുന്ന ഒന്നായിരുന്നു പപ്പനപ്പൂപ്പന്റേതും. പപ്പനപ്പൂപ്പൻ രാവിലെ കാപ്പിയും കുടിച്ച് അപ്പം വിൽക്കാൻ പട്ടണത്തിൽ പോയി. അപ്പം വിറ്റുകിട്ടിയ പൈസ കൊണ്ട് പപ്പനപ്പൂപ്പൻ പ്രിയമുള്ള പപ്പപ്പട്ടിന്റെ കുപ്പായം വാങ്ങി. പിന്നീട് പാപ്പച്ചന്റെ കടയിൽ നിന്ന് കാപ്പിയും കുടിച്ചിറങ്ങുമ്പോൾ പപ്പനപ്പൂപ്പനെ ഒരു പേപ്പട്ടി പിടിക്കാൻ ചെന്നു. പേടിച്ച് പ്രാണനും കൊണ്ട് പാഞ്ഞ പപ്പനപ്പൂപ്പന്റെ പപ്പക്കുപ്പായം പട്ടി പിച്ചിച്ചീന്തി. പിന്നീട് തന്റെ പാർപ്പിടത്തിലേക്കുള്ള പാതയിലൂടെ പാഞ്ഞുപോകുമ്പോഴാണ് പപ്പനപ്പൂപ്പൻ കുട്ടപ്പൻ ചേട്ടനെ കണ്ടത്.

അവർ ആ നാശനഷ്ടങ്ങളാൽ ക്ലേശിച്ച് നിന്നപ്പോഴാണ് മീശയും പിരിച്ച് മീശക്കാരൻ കേശവനാശാൻ അതിലേ വന്നത്. കേശവനാശാന്റെ ശനിദിശയെ ശപിച്ചുകൊണ്ടിരുന്നപ്പോൾ മേശയിലിരുന്ന കാശ് മോഷ്ടിക്കപ്പെട്ടു. അതോടെ ആശാന്റെ കാശിക്കുപോകാനുള്ള ആശ കീശയിലായി. കാശ് പോയതോടെ ആശാന്റെ ഭാര്യ ശോശാമ്മ മോശമായ രീതിയിൽ ആശാനെ ശകാരിച്ചു. ശകുനത്തെ ശപിച്ചുകൊണ്ട് കീശയിൽ ശേഷിച്ച കാശിന് ദോശയും കഴിച്ച് ആശാൻ ശീഘ്രം വരുകയായിരുന്നു.

നടുപാതയിൽ നിന്ന് മൂന്നുപേരും നാശനഷ്ടങ്ങളെക്കുറിച്ച് പറഞ്ഞുകൊണ്ടിരുന്നപ്പോൾ നാടുവാഴിയായ നാരായണൻ നമ്പൂതിരി വന്നു. നമ്പൂതിരിയെ കണ്ടപ്പോൾ അവർ നിന്നനില്പിൽ നമസ്കരിച്ചു. നല്ലവനായ നമ്പൂതിരി നമ്മുടെ നായകന്മാരുടെ നില മനസ്സിലാക്കി. നാട്ടുകാരുടെ നന്മയ്ക്കായി നല്ലത് ചെയ്യാൻ നമ്പൂതിരി എന്നും ഒരുക്കമായിരുന്നു. നിമിഷനേരം നേരെ നോക്കി നിന്നിട്ട് നമ്പൂതിരി നെഞ്ചിൽ കിടന്നിരുന്ന മാലയിലെ മൂന്നു മണികളിൽ ഒന്നുവീതം മൂന്നുപേർക്കും നൽകി. നന്മയുടെ പ്രതീകമായ നമ്പൂതിരിയോട് മൂന്നുപേരും നന്ദിപറഞ്ഞു. പിന്നീട് നിറഞ്ഞമനസ്സോടെ നാലുപേരും നാലു വഴിക്ക് നടന്നുനീങ്ങി.

നഗരത്തിലെ നാട്യമില്ലാത്ത, നല്ലമനസ്സുള്ള ആ നാലു പേർക്കും നല്ലത് വന്നു. നിങ്ങളും ഇന്നുമുതൽ നല്ലവരായി നല്ലനാളെകളിലേക്ക് നോക്കൂ. നമുക്കുള്ള നിമിഷങ്ങൾ നമ്മെ നോക്കി നിൽക്കുകയില്ല എന്ന് നിനച്ച്, നിങ്ങൾക്ക് നന്മ നേർന്നുകൊണ്ട് നിർത്തുന്നു.



# ഓർമ്മയുണ്ടോ ഈ മുഖം

പ്രമോദ് എം.
3006 XII ബി, അശോകാ ഹൗസ്

അന്ന് ഞായറാഴ്ച ആയിരുന്നു. പി.റ്റി. ഇല്ലെന്നോർത്ത് സന്തോഷിച്ചു കിടന്നുറങ്ങുമ്പോഴായിരുന്നു കുറെ വണ്ടികൾ വന്നു നിൽക്കുന്ന ശബ്ദം കേട്ടത്. കണ്ണു തുറന്നു പുറത്തേക്കു നോക്കിയപ്പോൾ കുറെ ആളുകളും എന്തൊക്കെയോ വച്ചുകെട്ടിയ വണ്ടികളും കണ്ടു. എന്താണെന്ന് മനസ്സിലായില്ല. അപ്പോഴാണ് രാജേഷ് സന്തോഷത്തോടെ ഓടിവന്ന് പറഞ്ഞത് ഇവിടെ ഷൂട്ടിങ് നടക്കാൻ പോകുന്ന വിവരം. ഇത് കേട്ടതും എന്റെ ഉറക്കം എല്ലാം പോയി. ഞാൻ മുഖം പോലും കഴുകാതെ നേരെ രാജാജി ഹൗസിലേക്ക് ഓടി. രതീഷ് കെ. എബ്രഹാമിനെ കണ്ട് കാര്യം പറഞ്ഞു. ഞങ്ങൾ തലേന്ന് ഒരു ആർട്ടിക്കിൾ എഴുതാൻ തീരുമാനിച്ചിരുന്നു. ഇതു തന്നെയാണ് പറ്റിയ സന്ദർഭം എന്നു കരുതി ഞങ്ങൾ വേഗം കുളിച്ചു റെഡിയായി ഷൂട്ടിംഗ് സെറ്റിലെത്തി. മുഴുവൻ സ്ഥലത്തും കണ്ണോടിച്ചെങ്കിലും അവിടെ താരങ്ങൾ ആരും ഇല്ലായിരുന്നു. കൂടിനിന്നവരോടു ചോദിച്ചപ്പോഴാണ് മനസ്സിലായത് ശ്രീ. സുരേഷ്ഗോപിയുടെ 'എഫ്.ഐ.ആർ' എന്ന സിനിമയുടെ ഷൂട്ടിംഗ് ആണ് നടക്കാൻ പോകുന്നതെന്നും തുടങ്ങുമ്പോൾ ഒരു 9 മണി ആകുമെന്നും. ഞങ്ങൾ തിരിച്ചു ഹൗസിലെത്തി. ശ്രീ. സുരേഷ്ഗോപി അഭിനയിക്കുന്ന ഈ സിനിമയുടെ ഷൂട്ടിങ്ങായതുകൊണ്ട് അദ്ദേഹത്തോടുതന്നെ ഒരു അഭിമുഖം നടത്താൻ ഞങ്ങൾ തയ്യാറായി. ചോദിക്കേണ്ട ചോദ്യങ്ങൾ മനസ്സിൽ കുറിച്ചിട്ട് 9 മണി ആയപ്പോഴേക്കും ഞങ്ങൾ സെറ്റിലെത്തി. സുരേഷ്ഗോപി അടക്കം മറ്റ് അണിയറപ്രവർത്തകർ അവിടെ വന്നിട്ടുണ്ടായിരുന്നു. എങ്ങനെ സംസാരിച്ചുതുടങ്ങുമെന്നറിയാതെ കുറച്ചുനേരം ഞങ്ങൾ അദ്ദേഹത്തിന്റെ മുമ്പിൽ നിന്നു പരുങ്ങി. ഞങ്ങളുടെ നില്പ് കണ്ടിട്ട് അദ്ദേഹം ഞങ്ങളോട് 'ഓട്ടോഗ്രാഫിനാണോ'യെന്ന് ചോദിച്ചു. അപ്പോൾ ഞങ്ങളുടെ ചമ്മലൊക്കെ പോയി. ഞങ്ങൾ ഒരേ സ്വരത്തിൽ പറഞ്ഞു. 'അല്ല, ഒരു ഇന്റർവ്യൂവിന് വന്നതാണ്.' ഒരു ഇന്റർവ്യൂവിന് ആയിട്ട് സമയമില്ലെന്നും, പക്ഷെ, രണ്ടുമൂന്ന് ചോദ്യങ്ങൾക്ക് ഉത്തരം നൽകാമെന്നും അദ്ദേഹം സമ്മതിച്ചു.

ആദ്യം എന്റെ സുഹൃത്ത് രതീഷാണ് തുടങ്ങിയത്.

രതീഷ്: താങ്കൾക്ക് കളിയാട്ടത്തിലെ പെരുമലയനെ അവതരിപ്പിച്ചതിന് ദേശീയ അവാർഡ് കിട്ടി. എന്നാൽ താങ്കൾ അവതരിപ്പിച്ച മറ്റ് ഏതെങ്കിലും കഥാപാത്രങ്ങൾക്ക് അവാർഡ് കിട്ടുമെന്ന് പ്രതീക്ഷയുണ്ടായിരുന്നോ?

സുരേഷ്ഗോപി: 'കമ്മീഷണറി'ലെ 'ഭരത് ചന്ദ്രൻ', 'കാശ്മീര'ത്തിലെ 'ശ്യാം' തുടങ്ങിയ കഥാപാത്രങ്ങൾക്കെല്ലാം എനിക്ക് പ്രതീക്ഷയുണ്ടായിരുന്നു. പക്ഷെ, എല്ലാം മുകളിലുള്ളവന്റെ കൈയിലാണല്ലോ ഇരിക്കുന്നത്.

പ്രമോദ്: ഞാൻ താങ്കളുടെ എല്ലാ പടങ്ങളും കാണാറുണ്ട്. അതുകൂടാതെ താങ്കളുടെ ഡയലോഗുകൾ മനഃപാഠമാക്കി എന്റെ കൂട്ടുകാരോടു പറഞ്ഞു 'സ്റ്റൈൽ' ചെയ്യാറുണ്ട്. ഈ സിനിമയിലെ കഥാപാത്രത്തെ കുറിച്ചൊന്നു വിശദീകരിക്കാമോ?

സുരേഷ്: വർഷത്തിലൊരിക്കൽ നോയമ്പ്

നോമ്പുകയും ദിവസത്തിൽ അഞ്ചുനേരം നിസ്കരിക്കുകയും ചെയ്യുന്ന ഒരു ഭാരതീയ മുസൽമാനായ മുഹമ്മദ് സർക്കാറിനെയാണ് ഞാൻ അവതരിപ്പിക്കുന്നത്. ഇതു പോരെ കുട്ടാ.

രതീഷ്: താങ്കൾ പല ലൊക്കേഷനിൽ കൂടിയും പോയിട്ടുണ്ടല്ലോ. എന്നാൽ 'സൈനിക് സ്കൂൾ' ലൊക്കേഷനെ പറ്റി എന്താണ് അഭിപ്രായം?

സുരേഷ്: ശരിയാണ്, ഞാൻ പല ലൊക്കേഷനിലും ഷൂട്ടിംഗിന് പോയിട്ടുണ്ട്. പക്ഷേ, ഇവിടുത്തെ അത്ര സഹകരണ മനോഭാവം വെളിയിൽ ഇല്ല. ഇവിടുത്തെ ഡിസിപ്ലിൻ മൂലം, കുട്ടികൾ അനുസരിക്കും. അതുകൊണ്ട് ഓരോ ഷോട്ടു കഴിഞ്ഞാലും വിശ്രമിക്കാൻ സാധിക്കും. അതിനാൽ 'ദിസ് ഈസ് വൺ ഓഫ് മൈ ഫേവറിറ്റ് ലൊക്കേഷൻ'സ്.

അടുത്ത ചോദ്യത്തിനായി ഞാൻ ഒരുങ്ങിയപ്പോഴേക്കും സിനിമാ സംവിധായകൻ ഷാജി കൈലാസ് വന്നു വിളിച്ചു. കുറച്ചുനേരം ഞങ്ങൾക്കുവേണ്ടി ചെലവഴിച്ച സുരേഷ് സാറിനോടു നന്ദി പറഞ്ഞുകൊണ്ട് ഞങ്ങൾ ഹൗസിലേക്കു മടങ്ങി.

നിങ്ങൾ ഉറുമ്പിനെപോലെയാണ് നടക്കുന്ന
തെങ്കിൽ എതിരെ വരുന്ന എല്ലാ ഉറുമ്പുകളും
വന്ന് വഴിമുട്ടി തടയും. നിങ്ങൾ ആനയെപോ
ലെയാണ് നടക്കുന്നതെങ്കിലോ മറ്റുള്ള
ആനകളും വഴിമാറിത്തരും.

വൈക്കം മുഹമ്മദ് ബഷീർ

പൂർണത്തിൽ നിന്ന് പൂർണമെടുത്താലും
പൂർണം അന്നെ അവശേഷിക്കുന്നു

-ബൃഹദാരണ്യകോപനിഷത്ത്



# ഞാനും നാമും

ഞാനെന്ന ചിന്തയേ പാടില്ല കുട്ടരേ,
ഞാനെന്നുരപ്പവൻ താനേ നശിച്ചുപോം
നാമെന്ന സദ്ഗുണം ഉൾക്കൊൾക നിങ്ങൾ
എന്നാലെന്നാളും വിജയം വരിക്കും
ഞാനെന്ന ഭൂതത്തെ ആട്ടിയകറ്റു
നാമെന്ന ദൈവത്തെ മാടി വിളിക്കു
നാമെന്ന ഭാവന നീ സ്വന്തമാക്കു
ഈരേഴുലകിനെയും ധന്യമാക്കു
നാമെന്ന വാക്കുതൻ ശക്തി ഗ്രഹിക്കു
ഭൂമിയെ ശക്തിയാൽ സമ്പൽസമൃദ്ധമാക്കു
ഇതുതാനുരക്കുന്നുവെല്ലാമതങ്ങളും

ആർ. രാമകൃഷ്ണ അയ്യർ
റോൾ നമ്പർ 3658, ക്ലാസ് 9 ബി., പട്ടേൽ ഹൗസ്

# രക്ഷപ്പെടൽ

അരുൺകിഷോർ കെ.കെ.
ക്ലാസ്: 12 ബി, അശോകാ ഹൗസ്

ജീവിതത്തിൽ പലപ്പോഴും നാം പല അപകടങ്ങളിൽ നിന്നും കഷ്ടിച്ച് രക്ഷപ്പെടാറുണ്ട്. ഈ രക്ഷപ്പെടലുകൾ എല്ലാം തന്നെ വ്യത്യസ്തമായിരിക്കും. ഇത്തരം രക്ഷപ്പെടലുകൾ ഉൾക്കൊള്ളിച്ച് പുസ്തകങ്ങൾ വരെ നമുക്ക് ഇന്ന് ലഭ്യമാണ്. എന്റെ കോഴിക്കോട്ടേക്കുള്ള കഴിഞ്ഞ യാത്രയിൽ തന്നെ ഇത്തരം ഒരു 'രക്ഷപെടൽ' ഉണ്ടായി. ആ സംഭവം എന്തായാലും മറ്റുള്ളവർക്ക് ഉണ്ടായതിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു.

സുഗമവും സുരക്ഷിതവും സാമ്പത്തികലാഭവുമുള്ള തീവണ്ടി മാർഗം ഉള്ളപ്പോൾ എന്തിനാണ് കുലുങ്ങിക്കുലുങ്ങി ബസിൽ പോകുന്നത് എന്ന് വിചാരിച്ചാണ് ഞാൻ റെയിൽവേ സ്റ്റേഷനിൽ പോയത്. പ്ലാറ്റ്ഫോമിൽ ആദ്യം കണ്ട സിമന്റു കസേരയിൽ ഇരുന്നു. സമയം ഉച്ചയ്ക്ക് പന്ത്രണ്ടുമണി. അരമണിക്കൂർനേരം ഞാൻ പത്രം വായിച്ചുനീക്കി. പന്ത്രണ്ടരയായപ്പോഴേക്കും സ്റ്റേഷൻ സിനിമാക്കൊട്ടകപോലെ തിങ്ങിനിറഞ്ഞു. എന്റെ കസേരയിൽത്തന്നെ അഞ്ചുപേരുണ്ടായിരുന്നു. എന്റെ വലതുവശത്ത് ഒരു താടിക്കാരനായിരുന്നു. അന്ന് താടിക്കാരോട് എനിക്കു വലിയ ബഹുമാനമായിരുന്നു. വിജ്ഞാനത്തിന്റെയും പക്വതയുടെയും പ്രതീകമാണ് താടി എന്നതായിരുന്നു എന്റെ വിശ്വാസം. ഇതൊക്കെ മനസ്സിൽ വച്ചുകൊണ്ടാണ് ഞാൻ 'അദ്ദേഹ'ത്തോട് സംസാരിക്കാൻ തുനിഞ്ഞത്. കുറച്ചുനേരത്തെ കുശലത്തിനുശേഷം അദ്ദേഹം പറഞ്ഞു. "മോനിവിടെത്തന്നെ കാണുമല്ലോ? ഈ ബാഗൊന്നു നോക്കിക്കോണേ! ഞാനിപ്പം വരാം.

സംസാരിക്കുവാനുള്ള കൂട്ട് വിട്ടുപോയതിനെക്കുറിച്ച് വിഷമിച്ച് ഞാൻ ചുറ്റും നോക്കി. അപ്പോഴാണ് ചുവന്ന മഷികൊണ്ടെഴുതിയ ബോർഡ് എന്റെ കണ്ണിൽ പെട്ടത്. "അപരിചിതരെ സൂക്ഷിക്കുക". എന്തിനായിരിക്കും അങ്ങനെയെഴുതിയത്? ഓ, ബോംബുസ്ഫോടനം നടന്നതുകൊണ്ടായിരിക്കും. അങ്ങനെയാണെങ്കിൽ എനിക്കു ബാഗു തന്നിട്ടുപോയ ആൾ അപരിചിതനല്ലേ? അതെ, അദ്ദേഹം അപരിചിതൻ തന്നെ, പക്ഷേ, അദ്ദേഹത്തിന്റെ മുഖത്തെ നിഷ്കളങ്കതയും ആ ചിരിയുമൊക്കെ കാണുമ്പോൾ അതിൽ ഒരു തീവ്രവാദിയുടെ നിഴൽ ദർശിക്കാനാകുന്നില്ലല്ലോ? ഈ സമയം രാജീവ്ഗാന്ധി വധക്കേസിലെ പ്രതികളായ ശുഭയുടെയും തനുവിന്റെയും നിഷ്കളങ്കമായ മുഖങ്ങൾ എന്നെ വലംവെച്ചു. എങ്കിൽ ഇയാൾക്കും എന്തുകൊണ്ട് ഒരു തീവ്രവാദി ആയിക്കൂടാ, എന്നായി ചിന്ത. ഏയ്, അല്ല. അയാളുടെ ബാഗു കണ്ടോ? ഒരു ബോംബു ഉൾക്കൊള്ളാനുള്ള ശേഷിയൊന്നുമതിനില്ല. ഒരു പഴഞ്ചൻ തുന്നലുകൾ വിട്ട ബാഗ്. പക്ഷേ പുതുപുത്തൻ ബാഗുകൾ ആരെങ്കിലും ബോംബു പൊട്ടിച്ചുകളയുമോ? അപ്പോൾ ഇതിനും ഒരു ബോംബ് ഉൾക്കൊള്ളാൻ കഴിയും. എന്തായാലും ഞാൻ ഭയന്നോടുന്നില്ല. ഇവിടെത്തന്നെ ഇരിക്കാം. ഇങ്ങനെ എന്റെ ചിന്തകൾ അനന്തതയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുമ്പോഴാണ് എന്റെ എതിരെ ഇരുന്നവരുടെ സംസാരം കാതിൽ എത്തിയത്. ദേശസ്നേഹികളായ അവരുടെ സംസാരം ആദ്യമൊക്കെ എനിക്ക് രസിച്ചു.

ഒന്നാമൻ ചോദിച്ചു. "എടാ ഇന്ത്യാമഹാരാജ്യത്തുള്ള ഏറ്റവും നല്ല കാര്യമെന്താണ്?"

രണ്ടാമൻ. "അതോ? കുറേ മന്ത്രിമാർ!"

